**അടിയന്തിരം/ഓർമ്മക്കുറിപ്പ്**

**ഭരണഭാഷ – മാതൃഭാഷ**
**(കേരളം സംസ്ഥാനം)**
**വ്യാവസായിക പരിശീലന വകുപ്പ്**
**ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,**
**വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം-695033,**
**ഇ-മെയിൽ: cru.dttvpm@kerala.gov.in, ഫോൺ: 0471-2303856**

---

**DT/2439/2026-C3** **തീയതി :23-09-2026**

---

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - അഫിലിയേഷൻ പോർട്ടൽ **2025** – **DST** അഫിലിയേഷൻ / മൂന്നാം ഷിഫ്റ്റ് യൂണിറ്റുകൾ **DST** മോഡിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ **30.09.2026** തീയതിയ്ക്ക് മുൻപ് അഫിലിയേഷൻ പോർട്ടൽ മുഖേന സമർപ്പിക്കുന്നതിനുള്ള അറിയിപ്പ് – സംബന്ധിച്ച്.

സൂചന:-

1. **DGT** യിൽ നിന്നുള്ള **27.07.2026** തീയതിയിലെ **DGT-HC044/37/2022-O/o DIR(TC) (E-55708)** നമ്പരായ ഓഫീസ് മെമ്മോറാണ്ടം.
2. **28.07.2026** തീയതിയിലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.
3. **31.08.2026** തീയതിയിലെ **DT/6421/2025-C3** നമ്പർ ചുറ്ററിയിപ്പ്.

**************

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഡീ-അഫിലിയേഷൻ പട്ടികയിൽ ഉൾപ്പെട്ട എല്ലാ മൂന്നാം ഷിഫ്റ്റ് യൂണിറ്റുകളും **30.09.2026**-നകം ഡ്യുവൽ സിസ്റ്റം ഓഫ് ട്രെയിനിംഗ് **(DST)** രീതിയിലേക്ക് മാറ്റേണ്ടതാണെന്നും, പ്രസ്തുത യൂണിറ്റുകളെ **DST** മോഡിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനായി **01.09.2026** മുതൽ അഫിലിയേഷൻ പോർട്ടൽ പ്രവർത്തനസജ്ജമാണെന്നും സൂചന **(2)** & **(3)** പ്രകാരം നിർദേശം നൽകിയിരുന്നു. കൂടാതെ, **30.09.2026**-നകം ഏതെങ്കിലും മൂന്നാം ഷിഫ്റ്റ് യൂണിറ്റ് **DST** മോഡിലേക്ക് പരിവർത്തനം ചെയ്യാത്തപക്ഷം, പ്രസ്തുത യൂണിറ്റ് മുൻകൂർ അറിയിപ്പൊന്നും നൽകാതെ ഡി.ജി.ടി. പോർട്ടൽ മുഖേന ഡി-ആക്ടിവേറ്റ് ചെയ്യുന്നതാണെന്നും സൂചന **(1)** ഓഫീസ് മെമ്മോറാണ്ടം മുഖേന **DGT** വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, മൂന്നാം ഷിഫ്റ്റ് യൂണിറ്റുകൾ നിലവിലുള്ള എല്ലാ സ്വകാര്യ ഐ.ടി.ഐ കളും, പ്രസ്തുത ഷിഫ്റ്റ് **DST** മോഡിലേക്ക് പരിവർത്തനം ചെയ്യുന്നതിലേക്കായി അഫിലിയേഷൻ നോംസ് **2025** ലെ

വ്യവസ്ഥകൾ പാലിച്ച് അഫിലിയേഷൻ പോർട്ടലിന്റെ ലിങ്ക് ആയിട്ടുള്ള **https://affiliation-dgt.skillindiadigital.gov.in** മുഖേന **30.09.2026** തീയതിയ്ക്ക് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതും, ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

**30.09.2026**-ന് മുൻപായി മൂന്നാം ഷിഫ്റ്റ് യൂണിറ്റുകൾ **DST** മോഡിലേക്ക് മാറ്റാത്ത പക്ഷം, **DGT** നിർദ്ദേശപ്രകാരം പ്രസ്തുത യൂണിറ്റുകളുടെ അഫിലിയേഷൻ റദ്ദാക്കപ്പെടുകയും തുടർന്നുള്ള അക്കാദമിക് വർഷങ്ങളിൽ പ്രവേശനം പൂർണ്ണമായും നിർത്തിവെക്കുകയും ചെയ്യുന്നതാണ്. **DGT** അനുവദിച്ചിരിക്കുന്ന നിശ്ചിത സമയപരിധിക്ക് മുൻപ് തേർഡ് ഷിഫ്റ്റ് യൂണിറ്റുകൾ **DST** മോഡിലേക്ക് മാറ്റുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം അതാത് സ്ഥാപനങ്ങൾക്കായിരിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു.

Digitally signed by
D MENEKSH PRASAD
Date: 23-09-2026
22:39:33

അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ്:-എല്ലാ സ്വകാര്യ ഐ.ടി.ഐ സ്ഥാപന മേധാവികൾ

പകർപ്പ്:-

1. എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പൽമാർ.
2. ടെക്നിക്കൽ അസിസ്റ്റന്റ്, ഐ.ടി സെൽ (വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)